ടുക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ നിശ്ചിത കാലയളവിനു ള്ളിൽ (അതായത് തുക അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ) സർക്കാർ ഓഹരിമൂലധനമായി നൽകിയ തുക വിനിയോഗിച്ചിട്ടില്ലെങ്കിൽ അത് പലിശസഹിതം തിരിച്ചുപിടിക്കണമെന്നു നിഷ്കർഷിച്ചുകൊണ്ട് ഇതു സംബന്ധിച്ച് നിലവിലുള്ള ചട്ടം പരിഷ്കരിക്കുകയുണ്ടായി. അതിനാൽ കാലാവധി നീട്ടി നൽകുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

വനിതാവികസന കോർപ്പറേഷൻ

49 (2866) ശ്രീമതി കെ കെ ശൈലജ ടീച്ചർ :
ശ്രീ ജോൺ ഫെർണ്ണാണ്ടസ് :
" കണ്ണൻ :
" വിശ്വൻ :
" കടന്നപ്പിള്ളി രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാംസ്കാരികവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരള വനിതാവികസന കോർപ്പറേഷൻ ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സ്വയംതൊഴിൽ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വനിതാ വികസന കോർപ്പറേഷൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ഡി) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ 1994 -95, 1995-96 സാമ്പത്തിക വർഷത്തിൽ വായ്പാവിതരണത്തിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെയും നിയമസഭാ സമിതിയുടെയും റിപ്പോർട്ടുകളിൽ എന്തെങ്കിലും ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ ക്രമക്കേടുകളെ സംബന്ധിച്ച് സാംസ്കാരിക വകുപ്പോ വിജിലൻസ് വകുപ്പോ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ.

(എഫ്) എങ്കിൽ ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാർ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ. ഇവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ജി) പ്രസ്തുത കാലയളവിൽ നൽകിയ വായ്പത്തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വനിതാ വികസന കോർപ്പറേഷൻ ഇപ്പോൾ നടപടി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യവികസന കോർപ്പറേഷന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതികൾ.

2) പൊതുവിഭാഗത്തിനുള്ള സ്വയം തൊഴിൽ വായ്പകൾ.

LIBRARY ARCHIVES Kerala Legislative Assembly

3) വനിതാ സംഘടനകൾക്കും വനിതാ സഹകരണസംഘങ്ങൾക്കും നൽകുന്ന സ്വയംതൊഴിൽ വായ്പകൾ

4) സാങ്കേതിക പരിശീലന പരിപാടികൾ

5) കേന്ദ്ര ഗവൺമെന്റിന്റെ നൊറാഡ് പദ്ധതി അനുസരിച്ചുള്ള ഉൽപാദന പരിശീലന കേന്ദ്രത്തിൽ.

6) കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റെപ്പ് പദ്ധതി അനുസരിച്ച് കോഴിക്കോട്,മലപ്പുറം ജില്ലകളിൽ നടപ്പാക്കുന്ന ഫിഷറീസ് പ്രോജക്ട്

7) വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ

8) വനിതാ വ്യവസായ ഉൽപന്ന വിപണന മേളകൾ/ബോധവൽക്കരണ ക്യാംപുകൾ.

(ബി) ന്യൂനപക്ഷ വിഭാഗത്തിലുള്ള വായ്പയ്ക്ക് അപേക്ഷിക്കുന്നവർ കേരളത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന (ക്രൈസ്തവർ,മുസ്ലീം, ജൈനർ, പാഴ്സി, ബുദ്ധിസ്റ്റ്) വനിതകളായിരിക്കണം, പിന്നോക്ക വിഭാഗ വായ്പയ്ക്ക് അപേക്ഷിക്കുന്നവർ കേരള സർക്കാർ അംഗീകരിച്ച മറ്റു പിന്നോക്കസമുദായ (ഒ.ബി.സി) കളിൽപ്പെട്ടവരായിരിക്കണം. പൊതുവിഭാഗത്തിനുള്ള പദ്ധതി പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ള എല്ലാ വിഭാഗത്തിൽപ്പെടുന്ന വനിതകൾക്കും അപേക്ഷിക്കാവുന്നതാണ്.

2) അപേക്ഷകരുടെ പ്രായം 18 നും 45 നും മദ്ധ്യേ ആയിരിക്കണം.

3) പിന്നോക്ക-ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവരുടെ കുടുംബ വാർഷിക വരുമാനം നഗര പ്രദേശത്ത് താമസിക്കുന്നവർക്ക് 42,417/ രൂപയും ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 31,952/ രൂപയിലും കവിയാൻ പാടില്ല. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്കുള്ള പദ്ധതി പ്രകാരം അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 21,206/ രൂപയിൽ കവിയരുത്.

4) വായ്പാ പദ്ധതികൾക്ക് പ്രത്യേക വിദ്യാഭ്യാസയോഗ്യത നിഷ്ക്കർഷിച്ചിട്ടില്ല. എന്നാൽ എസ്.എസ്.എൽ.സി. ജയിച്ചവർക്കും സാങ്കേതിക വിദ്യാഭ്യാസം നേടിയവർക്കും തൊഴിൽ പരിചയമുള്ളവർക്കും മുൻഗണന നൽകുന്നതാണ്.

5) സ്വയം തൊഴിൽ സംരംഭം സ്വന്തമായി നടത്തുവാൻ അപേക്ഷക കഴിവുള്ളവളായിരിക്കണം.

(സി) ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി കംപ്യൂട്ടർ മേഖലയിൽ പരിശീലനം നൽകിവരുന്നു. കേന്ദ്ര സർക്കാർ വനിതാ ശിശുക്ഷേമ വകുപ്പിന്റെ നൊറാഡ് പദ്ധതി പ്രകാരം കോട്ടയം,അങ്കമാലി,തലശ്ശേരി കിനാന്നൂർ-കരിന്തളം (കാസർഗോഡ് ജില്ല) എന്നീ കേന്ദ്രങ്ങളിൽ ഓഫീസ്-മാനേജ്മെന്റ് കംപ്യൂട്ടർ പരിശീലന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങൾ വഴി പ്രതിവർഷം 480 വനിതകൾക്ക് പരിശീലനം നൽകി വരുന്നു. കൂടാതെ കംപ്യൂട്ടർ ജോബ് വർക്ക് സെന്റർ, ഡി.റ്റി.പി. എന്നീ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വായ്പ നൽകി വരുന്നു.

(ഡി) ഉണ്ട്.

(ഇ) വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കോർപ്പറേഷന്റെ മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. വി. ഹേം ചന്ദിനെതിരെ വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(ജി) വായ്പാ തുക തിരിച്ചടയ്ക്കാത്തവരുടെ പേരിൽ നിയമ നടപടികളും റവന്യൂ റിക്കവറി ആക്ട് അനുസരിച്ചുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വികലാംഗ ക്ഷേമ കോർപ്പറേഷൻ

50(2847) ശ്രീ. എം. നാരായണൻ(ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗക്ഷേമ കോർപ്പറേഷൻ എന്തൊക്കെ ക്ഷേമ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ചികിൽസാ സഹായത്തിനുവേണ്ടി അപേക്ഷിച്ച എല്ലാ വികലാംഗർക്കുസഹായം ലഭിച്ചിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സഹായം ലഭിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ നിന്നും എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) വികലാംഗരുടെ ക്ഷേമവും പുനരധിവസവും ലക്ഷ്യമായി പ്രവർത്തിക്കുന്നതിന് രൂപീകരിച്ച കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ. വികലാംഗർക്കാവശ്യമായ സഹായ ഉപകരണങ്ങൾ സൗകര്യമായി വിതരണം ചെയ്യുക, സ്വയം തൊഴിലിനായി ബാങ്ക് വായ്പ സൗകര്യപ്പെടുത്തി കൊടുക്കുക, ഇപ്രകാരം വകുപ്പ് ലഭിക്കുന്ന വികലാംഗർക്ക് 2000/-രൂപ നിരക്കിൽ സബ്സിഡി നൽകുക, ടെലിഫോൺ ബൂത്തുകൾ കംപ്യൂട്ടർ വൽക്കരിക്കുന്നതിന് ബാങ്ക് ലോണുമായി ബന്ധപ്പെടുത്തി ഗുണഭോക്താവിന് 2000/-രൂപ സബ്സിഡി നൽകുക, വികലാംഗരുടെ തൊഴിൽ സംബന്ധമായ യാത്രയ്ക്ക് ട്രൈസൈക്കിൾ മോട്ടോർ ഘടിപ്പിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും 2000/- രൂപ നിരക്കിൽ സബ്സിഡി നൽകുക തുടങ്ങിയ പദ്ധതികൾ മുഖേന വികലാംഗരെ സഹായിച്ചുവരുന്നു.

വികലാംഗർക്കാവശ്യമായ സഹായ ഉപകരണങ്ങൾ 3 വീൽ സൈക്കിൾ, വീൽചെയർ, ശ്രവണ സഹായികൾ, ക്രച്ച്സ്, വൈറ്റ്കെയിൻ കണ്ണടകൾ, ഡ്രെയിലിസ്ളേറ്റ്, കൂടൽ കാൻസർ ബാധിച്ച രോഗികൾക്കാവശ്യമായ കൊളോസ്റ്റമിബാഗ് എന്നിവയാണ് സഹായ ഉപകരണങ്ങൾ. ജില്ലകളിൽ നടത്തുന്ന മെഡിക്കൽ ക്യാംപീൽ വച്ച് വികലാംഗരെ വിദഗ്ദ്ധ ഡോക്ടർമാർ പരിശോധിച്ച് അവർ നിർദ്ദേശിക്കുന്ന സഹായ ഉപകരണങ്ങൾ ക്യാംപിൽ വച്ച് അപ്പോൾ തന്നെ സൗജന്യമായി വിതരണം ചെയ്തു വരുന്നു. കൃത്രിമ കൈകാലുകൾ കാലിപ്പർ ഷൂസ് എന്നിവ ആവശ്യമുള്ള വികലാംഗരെ പരിശോധിച്ച് അളവെടുത്ത് 2 മാസത്തിനുള്ളിൽ അവ നിർമ്മിച്ച് അവർക്കായി വീണ്ടും ക്യാംപ് സംഘടിപ്പിച്ചും വിതരണം ചെയ്തുവരുന്നു. കുടുബ വാർഷി

LIBRARY ARCHIVES Kerala Legislative Assembly